## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **05-12-2022 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന് മാത്രമായി വാർഡ് സജ്ജീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കിടക്കകളാണ് ഈ വാർഡിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിനായി നിലവിൽ കിടത്തി ചികിത്സയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>1. മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 28 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.<br>2. കാത്ത് ലാബ് കോംപ്ലക്സിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 12 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.<br>3. കാത്ത് ലാബിന്റെ ഭാഗമായി എല്ലാ സംവിധാനങ്ങളോടും കൂടിയ 9 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.<br>4. ഇത് കൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി എത്തുന്നവർക്ക് കിടത്തി ചികിത്സ നൽകുന്നതിനായി 72 പേവാർഡ് മുറികൾ പ്രത്യേകമായി സജീകരിച്ചിട്ടുണ്ട്.<br>5. ഇതിലുപരിയായി ഹൃദ്രോഗ ചികിത്സയ്ക്കായി 10 ബഡ്ഡുകൾ വീതം 4 വാർഡുകളിലായി 40 ബഡ്ഡുകൾ പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്. |
| (ബി) | വാർഡ് സജ്ജീകരിച്ചിട്ടില്ലായെങ്കിൽ ഈ വിഭാഗത്തിൽ കിടത്തി ചികിത്സ വേണ്ടി വരുന്ന രോഗികൾക്ക് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വിശദീകരിക്കുമോ; | (ബി) | തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിനായി നിലവിൽ കിടത്തി ചികിത്സയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെപ്പറയും പ്രകാരമാണ്. |

| | | | |
|---|---|---|---|
| | | | 1. മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 28 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.<br><br>2. കാത്ത് ലാബ് കോംപ്ലക്സിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 12 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.<br><br>3. കാത്ത് ലാബിന്റെ ഭാഗമായി എല്ലാ സംവിധാനങ്ങളോടും കൂടിയ 9 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.<br><br>4. ഇത് കൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി എത്തുന്നവർക്ക് കിടത്തി ചികിത്സ നൽകുന്നതിനായി 72 പേവാർഡ് മുറികൾ പ്രത്യേകമായി സജീകരിച്ചിട്ടുണ്ട്.<br><br>5. ഇതിലുപരിയായി ഹൃദ്രോഗ ചികിത്സയ്ക്കായി 10 ബഡ്ഡുകൾ വീതം 4 വാർഡുകളിലായി 40 ബഡ്ഡുകൾ പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്. |
| (സി) | ആവശ്യത്തിന് കിടക്കകൾ ഉൾപ്പെടുത്തി കാർഡിയോളജി വിഭാഗത്തിന് മാത്രമായി വാർഡ് സജ്ജീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പുതിയ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ കാർഡിയോളജി വിഭാഗത്തിന് കൂടുതൽ സൗകര്യം ഒരുക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ